# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1121</u>  <u>02.03.2017 ൽ മറുപടിക്ക്</u>**

**<u>കണ്ണൂർ ജില്ലയിലെ പി. ഡബ്ല്യൂ. ഡി., കെ. എസ്. റ്റി. പി., സി. ആർ. എഫ്. പ്രവൃത്തികൾ</u>**

| **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** |
|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 2011 മേയ് മുതൽ 2016 മേയ് വരെ കണ്ണൂർ ജില്ലയിൽ പി. ഡബ്ല്യൂ. ഡി., കെ. എസ്. റ്റി. പി., സി. ആർ. എഫ്. സ്കീമുകളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയും ഏതെല്ലാം നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതാണെന്നും ഓരോന്നിനും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ;<br><br>ബി) ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചു വെന്നും ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കാൻ അവശേഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; | എ) & ബി) | 2011 മേയ് മുതൽ 2016 മേയ് വരെ കണ്ണൂർ ജില്ലയിൽ പി. ഡബ്ല്യൂ. ഡി., കെ. എസ്. റ്റി. പി., സി. ആർ. എഫ്. സ്കീമുകളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ദേശീയപാത, കെ എസ് റ്റി പി എന്നീ വിഭാഗങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം** 1 ആയി ചേർത്തിരിക്കുന്നു<br>ഇതിൽ തലശ്ശേരി നാദാപുരം ചിറയ്ക്കൽ കാട്ടുമ്പള്ളി, ചൊവ്വ, അഞ്ചരക്കണ്ടി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചേലാരിമുക്ക് - കൊളച്ചേരിമുക്ക് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഒട്ടവള്ളിത്തട്ട് - നടുവിൽ കടിയാൻമല റോഡിന് ടെണ്ടർ അനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.<br>കെ എസ് റ്റി പി യിൽ വരുന്ന രണ്ട് പ്രവൃത്തികളുടെയും നിർമ്മാണം തുടങ്ങിയിട്ടുണ്ട്.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു |
| സി) 2016 മേയ് മാസത്തിനു ശേഷം കണ്ണൂർ ജില്ലയിൽ ഇതു പോലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി യെന്നും ഇവ ഓരോന്നും ഏതെല്ലാം നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കു ന്നതാണെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപയാണ് എസ്റ്റിമേറ്റ് തുകയെന്നും വെളിപ്പെടുത്തുമോ? | സി) | 2016 മേയ് മാസത്തിനു ശേഷം കണ്ണൂർ ജില്ലയിൽ ദേശീയപാത വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പട്ടിക അനുബന്ധം 3 ആയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്